"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ.) - ഇൻഫോപാർക് മൂന്നാം ഘട്ടം - ലാൻഡ് പൂളിംഗ് നടത്തുന്നതിന് ജി.സി.ഡി.എ.-യ്ക്ക് പ്രത്യേക ചുമതല നൽകി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.120/2026/LSGD തീയതി,തിരുവനന്തപുരം, 14-01-2026

പരാമർശം:-
1. 18/10/2024-ലെ സ.ഉ (സാധാ) നം.1978/2024/തസ്വഭവ
2. 19.07.2025-ലെ സ.ഉ (സാധാ) നം.1781/2025/തസ്വഭവ
3. 14.09.2025-ലെ സ.ഉ (സാധാ) നം.206/2025/വിസവിവ
4. 15.11.2025, 20.12.2025, 26.12.2025 തീയതികളിലെ വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 7126/PL1/2024/GCDA നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ ഇൻഫോപാർക് മൂന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി , കേരള നഗര ഗ്രാമാസൂത്രണ ആക്ട് 2016, ചട്ടം 56 പ്രകാരം ലാന്റ് പൂളിംഗ് നടത്തുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റിയെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2). തുടർന്ന് ഇൻഫോപാർക് മൂന്നാം ഘട്ട പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്ന സ്ഥലം ജിസിഡിഎ-യുടെ അധികാരപരിധിക്ക് പുറത്ത് വരുന്ന കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടതാകയാൽ എറണാകുളം ജില്ലയിലെ കിഴക്കമ്പലത്ത് സ്ഥിതി ചെയ്യുന്ന 300 ഏക്കർ സ്ഥലം ലാൻഡ് പൂളിംഗ് നടത്തുന്നതിന് കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016 വകുപ്പ് 71 പ്രകാരം, വിശാല കൊച്ചി വികസന അതോറിറ്റിയ്ക്ക് പ്രത്യേക ചുമതല നൽകി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

3) എന്നാൽ, ഇൻഫോപാർക്ക് മൂന്നാം ഘട്ട വികസനത്തിനായി എറണാകുളം ജില്ലയിൽ ഉൾപ്പെടുന്ന ഏതൊരു പ്രദേശത്തും 300 ഏക്കറിൽ അധികം വരുന്ന സ്ഥലത്ത് ലാന്റ് പൂളിംഗ് നടത്തുന്നതിന് പരാമർശം (3) പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2) പ്രകാരം ലാന്റ് പൂളിംഗ് നടപടികൾ സ്വീകരിക്കാൻ അനുമതി നൽകിയ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ 300 ഏക്കർ സ്ഥലവും, ഇതിന് പുറമെ കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്, കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലായി കണ്ടെത്തിയ സ്ഥലങ്ങളും ഉൾപ്പെടെ വിശാല കൊച്ചി വികസന അതോറിറ്റിയുടെ അധികാരപരിധിയ്ക്ക് പുറത്തുവരുന്ന ആകെ 565 ഏക്കർ വസ്തുവിൽ ലാൻഡ് പൂളിംഗ് നടത്തുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റിയ്ക്ക് പ്രത്യേക ചുമതല നൽകി ഉത്തരവാകണമെന്ന് പരാമർശം (4) പ്രകാരം ജി.സി.ഡി.എ. സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

4) കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016 വകുപ്പ് 71 പ്രകാരം ഗവൺമെൻ്റിന് അനുയോജ്യമെന്ന്

തോന്നുകയാണെങ്കിൽ നിയമപ്രകാരം രൂപീകൃതമായ ഒരു വികസന അതോറിറ്റിയെ ലാൻഡ് പൂളിങ് സ്കീം ഏൽപ്പിക്കാവുന്നതാണ്.

5) ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇൻഫോപാർക് മൂന്നാം ഘട്ട പദ്ധതിക്കായി എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്, കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലായി കണ്ടെത്തിയ വിശാല കൊച്ചി വികസന അതോറിറ്റിയുടെ അധികാരപരിധിയ്ക്ക് പുറത്തു വരുന്ന ആകെ 565 ഏക്കർ വസ്തു ലാൻഡ് പൂളിംഗ് നടത്തുന്നതിന് കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016 വകുപ്പ് 71 പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റിയ്ക്ക് പ്രത്യേക ചുമതല നൽകി ഉത്തരവാകുന്നു.

6) പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫോപാർക്ക്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (IA3/78/2025/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 16-01-2026 10:51:19
സെക്ഷൻ ഓഫീസർ